# കുട്ടികളുടെ അവകാശ സംരക്ഷണം: ഏകദിന പരിശീലനം നടത്തി

**പാലക്കാട്**

ചൈൽഡ് വെൽഫെയർ കമ്മിറ്റി, ജുവനൈൽ ജസ്റ്റിസ് ബോർഡ് അംഗങ്ങൾക്കായി 'വിശ്വാസി'ന്റെ നേതൃത്വത്തിൽ ഏകദിന പരിശീലനം സംഘടിപ്പിച്ചു. ബാലനീതി നിയമപ്രകാരം ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള കുട്ടികളുടെ പ്രശ്നങ്ങൾ ശരിയായ രീതിയിൽ കൈകാര്യം ചെയ്യുകയാണ് പദ്ധതിലക്ഷ്യം.



ശിശുസംരക്ഷണ നടപടിക്രമങ്ങളുടെ സമാഹാരം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ ശാന്തകുമാരി നസീർ ചാലിയത്തിന് നൽകി പ്രകാശനം ചെയ്യുന്നു

ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ ശാന്തകുമാരി ഉദ്ഘാടനം ചെയ്തു. സംസ്ഥാന ബാലാവകാശ കമീഷൻ മുൻ ചെയർമാനും അംഗവുമായ നസീർ ചാലിയം അധ്യക്ഷനായി. കലക്ടർ ഡി ബാലമുരളി മുഖ്യാതിഥിയായി. ശിശുസംരക്ഷണ നടപടികളുടെ സമാഹാരം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ ശാന്തകുമാരി സംസ്ഥാന ബാലാവകാശ കമീഷൻ അംഗം നസീർ ചാലിയത്തിന് നൽകി പ്രകാശനം ചെയ്തു.

ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള കുട്ടികളുടെ പുനരധിവാസം എന്ന വിഷയത്തിൽ പ്രേരണ മുംബൈ ആന്റി ട്രാഫിക്കിങ് സെന്റർ പ്രൊജക്ട് മാനേജർ കാഷിന കരീമും ശിശുസംരക്ഷണ നിയമങ്ങൾ എന്ന വിഷയത്തിൽ മുംബൈ ഇന്റർനാഷണൽ ജസ്റ്റിസ് മിഷൻ ലീഗൽ കൺസൾട്ടന്റ് കിലെ ഡിസൂസ, കുട്ടികളും മനുഷ്യക്കടത്തും എന്ന വിഷയത്തിൽ പി പ്രേംനാഥ് എന്നിവർ ക്ലാസെടുത്തു. സംസ്ഥാന ബാലാവകാശ കമീഷൻ അംഗം ശ്രീല മേനോൻ, ഇന്റർനാഷണൽ ജസ്റ്റിസ് മിഷൻ പ്രതിനിധി റെനി ജേക്കബ്, വിശ്വാസ് ജോയിന്റ് സെക്രട്ടറി ആർ ദേവീകൃപ എന്നിവർ സംസാരിച്ചു.

ദേശാഭിമാനി Sun, 10 November 2019
https://epaper.deshabhimani.com/c/45579241